(സി) വിവിധ വകുപ്പ് തലവന്മാർ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) ജില്ലയിൽ വിവിധ വകുപ്പുകളിലായി നിലവിൽ എത്ര എൽ.ഡി.സി. ഒഴിവുകളാണുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 130 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിലുള്ളതും 2016-ലെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി. യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ജില്ലയിൽ വിവധ വകുപ്പുകളിലായി 27 ഒഴിവുകൾ നിയമന ശിപാർശ ചെയ്യാനായി അവശേഷിക്കുന്നുണ്ട്. അവയുടെ നിയമന ശിപാർശ നടപടികൾ പി.എസ്.സി.-യിൽ പുരോഗമിക്കുന്നു.

നിയമനം നടക്കാത്ത പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

41 (1777) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളിൽ ആർക്കും നിയമനം നൽകാത്ത റാങ്ക് ലിസ്റ്റുകൾ ഉണ്ടോ; എങ്കിൽ റാങ്ക് ലിസ്റ്റിന്റെ പേര്, വകുപ്പ്, ലിസ്റ്റ് നിലവിൽ വന്ന തീയതി, റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽപ്പെട്ട തസ്തികയ്ക്ക് എത്ര ഒഴിവുകളാണ് ബന്ധപ്പെട്ട വകുപ്പ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നത്; റാങ്ക് ലിസ്റ്റ് തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മൂന്ന് വർഷം കഴിഞ്ഞ എത്ര റാങ്ക് ലിസ്റ്റുകളുടെ കാലാവധി സർക്കാർ നിർദ്ദേശ പ്രകാരം നീട്ടിയിട്ടുണ്ട്; എത്ര പ്രാവശ്യം നീട്ടി; പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ കാലാവധി നീട്ടുന്നതിന് മുമ്പ് എത്ര നിയമനങ്ങൾ നടന്നു; കാലാവധി നീട്ടിയതിനു ശേഷം എത്ര നിയമനങ്ങൾ നടന്നു; റാങ്ക് ലിസ്റ്റ് തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 11 തവണ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. 31-3-2013-ലെ കണക്ക് പ്രകാരം 815-ഉം 29-6-2014-ലെ കണക്ക് പ്രകാരം 1170-ഉം 30-9-2015-ലെ കണക്കു പ്രകാരം 815-ഉം ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. കാലാവധി നീട്ടിയശേഷം ടി ലിസ്റ്റുകളിൽനിന്നും നടന്ന നിയമനങ്ങളുടെ റാങ്ക് ലിസ്റ്റ് തിരിച്ചുള്ള എണ്ണം പി.എസ്.സി. ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

കോളേജ് അദ്ധ്യാപകരുടെ റെഗുലറൈസേഷൻ

42 (1778) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപകരുടെ റെഗുലറൈസേഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന കാര്യത്തിൽ പി.എസ്.സി.യുടെ അനാവശ്യമായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) റെഗുലറൈസേഷൻ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) 30-1-2016 വരെയുള്ള കാലയളവിൽ എത്ര പേരുടെ റെഗുലറൈസേഷൻ റിപ്പോർട്ടുകൾ വിദ്യാഭ്യാസ വകുപ്പിന് ലഭ്യമായിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത അദ്ധ്യാപകരുടെ റെഗുലറൈസേഷൻ നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly